**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1033** **18-09-2025 - ൽ മറുപടിയ്ക്ക്**

**അപകടകാരികളായ വന്യജീവികളെ കൊല്ലുന്നതിനുള്ള വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അപകടകാരികളായ വന്യമൃഗങ്ങളെ കൊല്ലുന്നതിനുള്ള വ്യവസ്ഥകളിൽ എന്തൊക്കെ ഇളവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | അപകടകാരികളായ വന്യമൃഗങ്ങളെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് 1972 ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ നിലവിലെ വ്യവസ്ഥകൾ ബാധകമാണ്. ജനവാസ മേഖലകളിൽ മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന അപകടകാരി-കളായ കാട്ടു പന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്ന-തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാരേയും സെക്രട്ടറിമാരേയും അധികാര-പ്പെടുത്തിയിട്ടുള്ള ഉത്തരവിന്റെ കാലാവധി സ.ഉ. (കൈ) നം. 17/2025/വനം തീയതി 28/05/2025 പ്രകാരം 27/05/2026 വരെ ദീർഘിപ്പിച്ചിട്ടുള്ളതാണ്. |
| (ബി) | കൃഷി നശിപ്പിക്കാനെത്തുന്ന മൃഗങ്ങളെ പ്രതിരോധിക്കാൻ വൈദ്യുതവേലികൾ സ്ഥാപിക്കുന്നതിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് നിലവിലുള്ളത്; വിശദമാക്കാമോ; | (ബി) | വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് പ്രവേശിക്കു-ന്നത് പ്രതിരോധിക്കുന്നതിനായി വനാതിർത്തിയിൽ സോളാർ വൈദ്യുതവേലികൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്നുണ്ട്. സ്വകാര്യ കൃഷിഭൂമി-യിൽ വന്യമൃഗങ്ങളെ പ്രതിരോധിക്കുവാനായി മനുഷ്യർക്കോ മൃഗങ്ങൾക്കോ അപകടകരമല്ലാത്ത സോളാർ വേലികൾ സ്ഥാപിക്കുന്നതിന് വനം വകുപ്പിന്റെ ഭാഗത്തു നിന്നും നിയന്ത്രണങ്ങൾ ഇല്ലാത്തതാണ്. എന്നാൽ സ്വകാര്യ വ്യക്തികൾ A/c കറണ്ട് ഉപയോഗിച്ച് വൈദ്യുത വേലികൾ അശാസ്ത്രീ-യവും അനധികൃതവുമായി സ്ഥാപിക്കുകയും അതിലൂടെ അപകടത്തിൽപ്പെട്ട് മനുഷ്യജീവൻ നഷ്ടപ്പെട്ടിട്ടുള്ള-തായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (സി) | കെണിയിൽ കുടുങ്ങിയോ വൈദ്യുത കമ്പികളിൽ കുടുങ്ങിയോ വന്യമൃഗങ്ങൾ കൊല്ലപ്പെടുന്ന സാഹചര്യത്തിൽ കൃഷിക്കാർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | അനുമതിയില്ലാതെ അസ്വാഭാവിക കാരണങ്ങളാൽ വന്യജീവികൾ കൊല്ലപ്പെടുന്ന സാഹചര്യങ്ങളിൽ പരിശോധനകളുടേയും റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ 1972 ലെ വന്യജീവി (സംരക്ഷണം) നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ